കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ആർജ്ജിത രാജ്യക്ഷേത്രങ്ങൾ (ലയനം) ആക്റ്റ് 1960

(1960-ലെ 64-ാം നമ്പർ ആക്റ്റ്)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1981

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ആർജ്ജിത രാജ്യക്ഷേത്രങ്ങൾ (ലയനം) ആക്റ്റ്, 1960

(1960-ലെ 64-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

3/1440/V.

# ആർജ്ജിത രാജ്യക്ഷേത്രങ്ങൾ (ലയനം) ആക്ററ്, 1960

(1960-ലെ 64)

[1960 ഡിസംബർ, 28]

ഇൻഡ്യാ ഗവൺമെൻറും പാകിസ്ഥാൻ ഗവൺമെൻറും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറുകൾ അനുസരിച്ച് ആർജ്ജിക്കപ്പെട്ട ചില രാജ്യക്ഷേത്രങ്ങൾ, ആസ്സാം, പഞ്ചാബ്, പശ്ചിമ ബംഗാൾ, എന്നീ സ്റേററുകളിൽ ലയിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യാനുള്ള ആക്ററ്.

ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ പതിനൊന്നാം സംവൽസരത്തിൽ, പാർലമെൻറ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്ററിന് ആർജ്ജിത രാജ്യക്ഷേത്രങ്ങൾ (ലയനം) ആക്ററ്, 1960 എന്നു പേർ പറയാവുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ആർജ്ജിത രാജ്യക്ഷേത്രങ്ങൾ" ക്ക്, ഇൻഡോ-പാകിസ്ഥാൻ കരാറുകളിൽ ഉൾക്കൊള്ളുന്നതും, ഒന്നാം പട്ടികയിൽ പരാമർശിക്കപ്പെടുന്നതുമായ രാജ്യക്ഷേത്രങ്ങളിൽ ആ കരാറുകൾ അനുസരിച്ച്, ഇൻഡ്യയിൽ ആർജ്ജിക്കപ്പെടുന്നതിനുവേണ്ടി അതിരു തിരിക്കപ്പെടുന്നിടത്തോളം എന്നർത്ഥമാകുന്നു;

(ഖ) "നിശ്ചിത ദിവസ"ത്തിന് 3-ാം വകുപ്പിൻകീഴിൽ ആർജ്ജിത രാജ്യക്ഷേത്രങ്ങളുടെ ലയനത്തിനായി അപ്രകാരം ആർജ്ജിക്കപ്പെടേണ്ട രാജ്യക്ഷേത്രങ്ങൾ അതിനുവേണ്ടി അതിരുതിരിപ്പിച്ചതിനുശേഷം കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന ദിവസം എന്നർത്ഥമാകുന്നതും, അങ്ങനെയുള്ള രാജ്യക്ഷേത്രങ്ങൾ വ്യത്യസ്ത സ്റേററുകളിൽ ലയിപ്പിക്കുന്നതിന് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആണ്.

(ഗ) "നിയമസഭാ നിയോജകമണ്ഡല"ത്തിനും, "നിയമസമിതി നിയോജകമണ്ഡല'ത്തിനും, 'പാർലമെൻററി നിയോജകമണ്ഡല'ത്തിനും ജനപ്രാതിനിദ്ധ്യ ആക്ററ്, 1950-ൽ (1950-ലെ 43) അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഘ) "ഇൻഡ്യാ—പാകിസ്ഥാൻ കരാറുകൾ" ക്ക്, ഇൻഡ്യാ ഗവൺമെൻറും പാകിസ്ഥാൻ ഗവൺമെൻറുംതമ്മിൽ ഏർപ്പെട്ടിട്ടുള്ള 1958 സെപ്ററംബർ 10-ാം തീയതിയിലേയും 1959 ഒക്ടോബർ 23-ാം തീയതിയിലെയും 1960 ജനുവരി 11-ാം തീയതിയിലേയും കരാറുകൾ എന്നർത്ഥമാകുന്നതും, അവയുടെ പ്രസക്തമായ എക്സ്ട്രാക്ററുകൾ രണ്ടാം പട്ടികയിൽ ചേർത്തിരിക്കുന്നതുമാകുന്നു;

(ങ) "നിയമ"ത്തിൽ, ആർജ്ജിത രാജ്യക്ഷേത്രത്തിൽ മുഴുവനുമോ, അതിൻെറ ഏതെങ്കിലും ഭാഗത്തോ നിയമത്തിൻെറ പ്രാബല്യമുള്ള ഏതെങ്കിലും അധിനിയമമോ, ആർഡിനൻസോ, റഗുലേഷനോ, ഉത്തരവോ, ബൈലായോ, ചട്ടമോ, പദ്ധതിയോ, വിജ്ഞാപനമോ, മററു പ്രമാണമോ ഉൾപ്പെടുന്നു;

(ച) പാർലമെൻറിൻേറയോ ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിൻേറയോ ഇരുസഭകളിൽ ഏതിനെയെങ്കിലും സംബന്ധിച്ച് 'ഉപ വിഷ്ടാ അംഗ'ത്തിന് നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ്, ആ സഭയിലെ അംഗമായിരിക്കുന്നയാരം എന്നർത്ഥമാകുന്നു;

(ഛ) ഒന്നാം പട്ടികയിലെ ഭാഗം I-ലും ഭാഗം II-ലും ഭാഗം III-ലും പരാമർശിക്കുന്ന ആർജ്ജിത രാജ്യക്ഷേത്രങ്ങരം സംബന്ധിച്ച് ''ബന്ധപ്പെട്ട സ്റേററി''ന് യഥാക്രമം ആസ്സാം സ്റേററ് എന്നും പഞ്ചാബ് സ്റേററ് എന്നും പശ്ചിമബംഗാരം സ്റേററ് എന്നും അർത്ഥമാകുന്നതും, ''ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറി''ന് അതനുസരിച്ച് അർത്ഥം കൽപ്പിക്കപ്പെടുന്നതും ആകുന്നു;

(ജ) ''യൂണിയൻ ആവശ്യങ്ങരം''ക്ക് ഭരണഘടനയുടെ ഏഴാം പട്ടിക ലിസ്ററ് I-ൽ പറയുന്ന ഏതിനോടെങ്കിലും ബന്ധപ്പെടുത്താവുന്ന ഗവൺമെൻറാവശ്യങ്ങരം എന്നർത്ഥമാകുന്നു.

3. <u>ആർജ്ജിത രാജ്യക്ഷേത്രങ്ങളുടെ ലയനം.</u>—(1) നിശ്ചിത ദിവസം മുതൽ ഒന്നാം പട്ടിക ഭാഗം I-ലും ഭാഗം II-ലും ഭാഗം III-ലും പരാമർശിക്കുന്ന ആർജ്ജിത രാജ്യക്ഷേത്രങ്ങരം യഥാക്രമം ആസ്സാം, പഞ്ചാബ്, പശ്ചിമ ബംഗാരം എന്നീ സ്റേററുകളിൽ ഉരംപ്പെടുന്നതും അവയുടെ ഭാഗം ആയിരിക്കുന്നതും ആണ്.

(2) നിശ്ചിതദിവസം മുതൽ, ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറ്, ഔദ്യോഗികഗസററിൽ ഉത്തരവുവഴി, ആ സ്റേററിൽ ഉരംപ്പെടുന്ന ആർജ്ജിത രാജ്യക്ഷേത്രങ്ങളുടെ ഭരണത്തിന്, അവയേയോ, അവയുടെ ഏതെങ്കിലും ഭാഗത്തേയോ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ജില്ലയിലോ സബ്ഡിവിഷനിലോ, പോലീസ് സ്റേഷനിലോ മററു ഭരണഘടകത്തിലോ ഉരംപ്പെടുത്തുന്നതുവഴി, വ്യവസ്ഥ ചെയ്യേണ്ടതാകുന്നു.

4. <u>ഭരണഘടനയിലെ ഒന്നാം പട്ടികയുടെ ഭേദഗതി.</u> നിശ്ചിതദിവസം മുതൽ, ഭരണഘടനയുടെ ഒന്നാം പട്ടികയിൽ,—

(ക) ആസ്സാം സ്റേററിലെ രാജ്യക്ഷേത്രങ്ങരം സംബന്ധിച്ച ഖണ്ഡികയിൽ ''ആസ്സാം ഗോത്രവർഗ്ഗ പ്രദേശങ്ങളിലും'' എന്ന വാക്കുകരംക്കുഅക്കങ്ങരംക്കുംശേഷം, ''ആർജ്ജിത രാജ്യക്ഷേത്രങ്ങരം (ലയനം)ആക്ററ്, 1960-ലെ ഒന്നാം പട്ടിക, ഭാഗം I-ൽ പരാമർശിക്കുന്ന രാജ്യക്ഷേത്രങ്ങളിലും'' എന്ന വാക്കുകളും അക്കങ്ങളും, ബ്രാക്കററുകളും ചേർക്കേണ്ടതും;

(ഖ) പഞ്ചാബ് സ്റേററിലെ രാജ്യക്ഷേത്രങ്ങരം സംബന്ധിച്ച ഖണ്ഡികയിൽ ''1956-ലെ സ്റേററ് പുന:സംഘടനാ ആക്ററ്'' എന്ന വാക്കുകരംക്കും അക്കങ്ങരംക്കുംശേഷം ''ആർജ്ജിതരാജ്യക്ഷേതങ്ങരം (ലയനം) ആക്ററ്, 1960-ലെഒന്നാം പട്ടികയിലെ ഭാഗം II-ൽ പരാമർശിക്കുന്ന രാജ്യക്ഷേത്രങ്ങളും'' എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കററുകളും ചേർക്കേണ്ടതും;

(ഗ) പശ്ചിമ ബ ഗാരം സ്റേററിലെ രാജ്യക്ഷേത്രങ്ങരം സംബന്ധിച്ച ഖണ്ഡികയിൽ, 1956-ലെ ബീഹാർ-പശ്ചിമ ബംഗാരം (രാജ്യക്ഷേത്രങ്ങരം കൈമാററ) ആക്ററ്, ''എന്ന വാക്കുകരംക്കും ബ്രാക്കററുകരംക്കും അക്കങ്ങരംക്കും ശേഷം, ''ആർജ്ജിത രാജ്യക്ഷേത്രങ്ങരം (ലയനം) ആക്ററ്, 1960-ലെ ഒന്നാം പട്ടിക, ഭാഗം III-ൽ പരാമർശിക്കുന്ന രാജ്യക്ഷേത്രങ്ങളും'' എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കററുകളും ചേർക്കേണ്ടതും; ആകുന്നു.

5. നിലവിലുള്ള നിയോജക മണ്ഡലങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് അർത്ഥം കൽപ്പിക്കൽ.—നിശ്ചിത ദിവസം മുതൽ,—

(ക) പാർലമെന്റ് നിയോജകമണ്ഡലങ്ങളുടേയും നിയമസഭാനിയോജക മണ്ഡലങ്ങളുടേയും അതിർത്തി നിർണ്ണയ ആർഡർ, 1960-ലെ

(i) ആസ്സാം സ്റേറററിനേയോ പഞ്ചാബ് സ്റേറററിനേയോ പശ്ചിമബംഗാൾ സ്റേറററിനേയോ കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന് അതിൽ ആർജ്ജിത രാജ്യക്ഷേത്രത്തിന്റെ, ആ സ്റേറററിൽ ഉൾപ്പെടുന്ന ഭാഗം ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കപ്പെടുന്നതും;

(ii) ഏതെങ്കിലും ജില്ലയേയോ, സബ് ഡിവിഷനേയോ, പോലീസ് സ്റേഷനേയോ ഭരണഘടകത്തേയോകുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന്, അതിൽ, ആർജ്ജിത രാജ്യക്ഷേത്രത്തിന്റെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുവഴി, ആ ജില്ലയിലോ സബ് ഡിവിഷനിലോ പോലീസ് സ്റേഷനിലോ മററ് ഭരണഘടകത്തിലോ ഉൾപ്പെടുത്തുന്ന ഭാഗം വല്ലതുമുണ്ടെങ്കിൽ അത് ഉള്ളപക്ഷം ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കപ്പെടുന്നതും;

(ഖ) നിയമസമിതി നിയോജകമണ്ഡലങ്ങളുടെ അതിർത്തിനിർണ്ണയ (പഞ്ചാബ്) ആർഡർ, 1951-ലെ,—

(i) പഞ്ചാബ് സ്റേറററിനെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന്, അതിൽ ആർജ്ജിത രാജ്യക്ഷേത്രത്തിന്റെ, ആ സ്റേറററിൽ ഉൾപ്പെടുന്ന ഭാഗം ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കപ്പെടുന്നതും;

(ii) ഏതെങ്കിലും ജില്ലയെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന്, അതിൽ ആർജ്ജിത രാജ്യക്ഷേത്രത്തിന്റെ, 3-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുവഴി ആ ജില്ലയിൽ ഉൾപ്പെടുത്തുന്ന ഭാഗം വല്ലതുമുണ്ടെങ്കിൽ അത്, ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കപ്പെടുന്നതും;

(ഗ) നിയമസമിതി നിയോജകമണ്ഡലങ്ങൾ അതിർത്തി നിർണ്ണയ (പശ്ചിമബംഗാൾ) ആർഡർ, 1951-ലെ

(i) പശ്ചിമ ബംഗാൾ സ്റേറററിനെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന് അതിൽ ആർജ്ജിത രാജ്യക്ഷേത്രത്തിന്റെ, ആ സ്റേറററിൽ ഉൾപ്പെടുന്ന ഭാഗം ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കപ്പെടുന്നതും;

(ii) ഏതെങ്കിലും ഡിവിഷനേയോ ജില്ലയേയോക്കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിന്, അതിൽ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുവഴി ആ ഡിവിഷനിലോ ജില്ലയിലോ ഉൾപ്പെടുത്തുന്ന ക്ഷേത്രം വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കപ്പെടുന്നതും;

ആകുന്നു

6. ഉപവിഷ്ടാംഗങ്ങളെക്കുറിച്ചുള്ള വ്യവസ്ഥ.—(1) ഏതൊരു പാർലമെന്റ് നിയോജകമണ്ഡലത്തിന്റെ വ്യാപ്തിയാണോ ഈ ആക്ററിലെ വ്യവസ്ഥകളുടെ ബലത്തിൽ ഭേദപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള പാർലമെന്റ് നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ഏതൊരുലോകസഭ ഉപവിഷ്ടാംഗവും, അങ്ങനെയുള്ള ഭേദപ്പെടുത്തൽ ഉണ്ടെന്നിരുന്നാലും, ആ സഭയിലേയ്ക്ക് അപ്രകാരം ഭേദപ്പെടുത്തപ്പെട്ട നിയോജകമണ്ഡലത്താൽ നിശ്ചിത ദിവസം മുതൽ തിരഞ്ഞെടുക്കപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

(2) ഏതൊരു നിയമസഭാ നിയോജകമണ്ഡലത്തിന്റെ വ്യാപ്തിയാണോ ഈ ആക്ററിലെ വ്യവസ്ഥകളുടെബലത്തിൽ ഭേദപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള നിയമസഭാ നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന,

ആസ്സാം സ്റേററിലെയോ പഞ്ചാബ് സ്റേററിലേയോ, പശ്ചിമബംഗാൾ സ്റേററിലേയോ ഏതൊരു നിയമസഭ ഉപവിഷ്ടാംഗവും, അങ്ങനെയുള്ള ഭേദപ്പെടുത്തൽ ഉണ്ടെന്നിരുന്നാലും, മുൻപറഞ്ഞ നിയമസഭയിലേക്ക് അപ്രകാരം ഭേദപ്പെടുത്തപ്പെട്ട നിയോജകമണ്ഡലത്താൽ നിശ്ചിതദിവസം മുതൽ തിരഞ്ഞെടുക്കപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

(3) ഏതൊരു നിയമസമിതി നിയോജകമണ്ഡലത്തിൻെറ വ്യാപ്തിയാണോ ഈ ആക്ററിലെ വ്യവസ്ഥകളുടെ ബലത്തിൽ ഭേദപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള നിയമസമിതി നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന, പഞ്ചാബിലേയോ, പശ്ചിമ ബംഗാളിലേയോ, ഏതൊരു നിയമസമിതി ഉപവിഷ്ടാംഗവും, അങ്ങനെയുള്ള ഭേദപ്പെടുത്തൽ ഉണ്ടെന്നിരുന്നാലും മുൻപറഞ്ഞ നിയമസമിതിയിലേയ് അപ്രകാരം ഭേദപ്പെടുത്തപ്പെട്ട നിയോജകമണ്ഡലത്താൽ നിശ്ചിത ദിവസം മുതൽ തിരഞ്ഞെടുക്കപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

7. വസ്തുവും ആസ്തികളും.—(1) ആർജ്ജിത രാജ്യക്ഷേത്രങ്ങൾക്കുള്ളിലുള്ളതും, നിശ്ചിത ദിവസത്തിനുതൊട്ടുമുമ്പ് പാകിസ്ഥാനിലോ, പൂർവ്വപാകിസ്ഥാൻ പ്രവിശ്യയിലോ, പശ്ചിമ പാകിസ്ഥാൻ പ്രവിശ്യയിലോ നിക്ഷിപ്തമായിരിക്കുന്നതുമായ എല്ലാ വസ്തുവും ആസ്തികളും, ആ ദിവസം മുതൽ,—

(ക) അങ്ങനെയുള്ള വസ്തുവും ആസ്തികളും യൂണിയൻ ആവശ്യങ്ങളോട് ബന്ധപ്പെടുത്താവുന്നവയായിരിക്കുന്നിടത്ത് യൂണിയനിൽ നിക്ഷിപ്തമായിരിക്കുന്നതും;

(ഖ) മറേറതെങ്കിലും സംഗതിയിൽ, ആർജ്ജിത രാജ്യക്ഷേത്രങ്ങൾ ഉൾപ്പെടുന്ന ബന്ധപ്പെട്ട സ്റേററിൽ നിക്ഷിപ്തമായിരിക്കുന്നതും,

ആകുന്നു.

(2) ഏതെങ്കിലും വസ്തുവോ, ആസ്തികളോ നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ് വച്ചു കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ യൂണിയൻ ആവശ്യങ്ങളാണോ എന്നുള്ളതിനെക്കുറിച്ച് കേന്ദ്രഗവൺമെൻറിൻെറ, ഒരു സെക്രട്ടറി ഒപ്പു വച്ച ആ ഗവൺമെൻറിൻെറ സർട്ടിഫിക്കററ് നിശ്ചായകമായിരിക്കുന്നതാണ്.

8. ആർജ്ജിത രാജ്യക്ഷേത്രങ്ങളിലെ വ്യയത്തിന് പണത്തുകകളുടെ വിനിയോഗം.—(1) നിശ്ചിത ദിവസം മുതൽ, ആ ദിവസത്തിനുമുമ്പ് ആസാം സ്റേററിലേയോ പഞ്ചാബ് സ്റേററിലേയോ പശ്ചിമ ബംഗാൾ സ്റേററിലേയോ നിയമ നിർമ്മാണ മണ്ഡലം 1960-61 സാമ്പത്തിക വർഷത്തിൻെറ ഏതെങ്കിലും ഭാഗം സംബന്ധിച്ചുള്ള ഏതെങ്കിലും വ്യയം നേരിടുന്നതിനുവേണ്ടി ആ സ്റേററിലെ സഞ്ചിതനിധിയിൽ നിന്നുള്ള ഏതെങ്കിലും പണത്തുകകളുടെ വിനിയോഗത്തിനായി പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും ആക്ററിന്, ആ സ്റേററിൽ ഉൾപ്പെടുന്ന ആർജ്ജിത രാജ്യക്ഷേത്രങ്ങളെ സംബന്ധിച്ചുകൂടി പ്രഭാവം ഉണ്ടായിരിക്കുന്നതും, ആ രാജ്യക്ഷേത്രങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ആ സ്റേററിലെ ഏതെങ്കിലും സേവനത്തിനുള്ള വ്യയമായി അങ്ങനെയുള്ള ആക്ററ് പ്രാധികാരപ്പെടുത്തുന്ന തുകയിൽ നിന്ന് സ്റേററ് ഗവൺമെൻറ് ഏതെങ്കിലും തുക ചെലവാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും ആണ്.

(2) ബന്ധപ്പെട്ട സ്റേററിലെ ഗവർണർക്ക്, നിശ്ചിത ദിവസത്തിനു ശേഷം, ആ സ്റേററിലെ സഞ്ചിത നിധിയിൽ നിന്ന് നിശ്ചിത ദിവസം മുതൽ ആരംഭിക്കുന്നതും മൂന്നുമാസത്തിൽ കവിയാത്തതുമായ കാലത്തേയ്ക്ക്

ആ സ്റ്റേറ്റിൽ ഉൾപ്പെടുന്ന ആർജ്ജിത രാജ്യക്ഷേത്രങ്ങളുടെ ഏതെങ്കിലും ആവശ്യത്തിനോ സേവനത്തിനോ ആവശ്യകമാണെന്നു അദ്ദേഹം കരുതുന്ന വ്യയം അങ്ങനെയുള്ള വ്യയത്തിനുള്ള ആ സ്റ്റേറ്റിലെ നിയമ നിർമ്മാണ മണ്ഡലത്തിൻെറ അനുമതി കാത്തിരിക്കവെ പ്രാധികാരപ്പെടുത്താവുന്നതാണ്.

9. <u>നിയമങ്ങൾ വ്യാപിപ്പിക്കുന്നത്.</u>—നിശ്ചിത ദിവസത്തിന് തൊട്ടു മുമ്പ് ആർജ്ജിത രാജ്യക്ഷേത്രങ്ങളിൽ പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങളും ആ ദിവസം മുതൽ, ആ രാജ്യക്ഷേത്രങ്ങളിൽ പ്രാബല്യത്തിലില്ലാതായി തീരുന്നതും, ആർജ്ജിത രാജ്യക്ഷേത്രങ്ങൾ ഉൾപ്പെടുത്തിയ ബന്ധപ്പെട്ട സ്റ്റേറ്റിൽ, സാമാന്യമായി പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങളും, ആ ദിവസം മുതൽ അതതു സംഗതിപോലെ, ആ രാജ്യക്ഷേത്രങ്ങളിലേക്ക് വ്യാപിക്കുകയോ അവയിൽ പ്രാബല്യത്തിൽ വരുകയോ ചെയ്യുന്നതുമാകുന്നു:

എന്നാൽ, ആർജ്ജിത രാജ്യക്ഷേത്രങ്ങളിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ, നിശ്ചിത ദിവസത്തിനുമുമ്പ് ചെയ്ത എന്തെങ്കിലുമോ, എടുത്ത ഏതെങ്കിലും നടപടിയോ, നിശ്ചിത ദിവസം മുതൽ ആ രാജ്യക്ഷേത്രങ്ങളിലേയ്ക്ക്, വ്യാപിപ്പിക്കപ്പെട്ടതും അവയിൽ പ്രാബല്യത്തിലുള്ളതുമായ തത്സ്ഥാനീയ നിയമത്തിൻ കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതാകുന്നു.

10. <u>സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരസ്ഥാനങ്ങളെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം.</u>—ബന്ധപ്പെട്ട സ്റ്റേററ് ഗവൺമെൻറിന്, ആ സ്റ്റേറ്റിൽ ഉൾപ്പെടുന്ന ആർജ്ജിത രാജ്യക്ഷേത്രങ്ങൾ സംബന്ധിച്ച് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചിത ദിവസമോ അതിനുശേഷമോ, വിജ്ഞാപനത്തിൽ പറയുന്നതും, ആ ദിവസം ആ രാജ്യക്ഷേത്രങ്ങളിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ നിർവ്വഹിക്കപ്പെടാവുന്നതുമായ ചുമതലകൾ നിർവ്വഹിക്കാൻ ക്ഷമതയുണ്ടായിരിക്കുന്ന അധികാരസ്ഥാനത്തേയോ ഉദ്യോഗസ്ഥനേയോ ആളേയോ വിനിർദ്ദേശിക്കാവുന്നതും, അങ്ങനെയുള്ള നിയമത്തിന് അതനുസരിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതും ആണ്.

11. <u>വിഷമതകൾ നീക്കാനുള്ള അധികാരം.</u>—(1) ഏതെങ്കിലും തത്സ്ഥാനീയ നിയമത്തിൽ നിന്ന് 9-ാം വകുപ്പിൻെറ ബലത്തിൽ നിശ്ചിത ദിവസം മുതൽ ആർജ്ജിത രാജ്യക്ഷേത്രങ്ങളിലേയ്ക്ക് വ്യാപിക്കുകയോ, അവയിൽ പ്രാബല്യത്തിൽ വരികയോ ചെയ്യുന്ന ഏതെങ്കിലും നിയമത്തിലേയ്ക്കുള്ള പരിവർത്തനം സംബന്ധിച്ച് ഏതെങ്കിലും വിഷമത ഉൽഭവിക്കുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന ഉത്തരവ് വഴി, ആ വിഷമത നീക്കുന്നതിന് ആവശ്യകമാണെന്നോ സമീചീനമാണെന്നോ തോന്നുന്ന വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഏതെങ്കിലും തത്സ്ഥാനീയ നിയമത്തിൽ നിന്നുള്ള പരിവർത്തനം സംബന്ധിച്ചല്ലാതെ) ഈ ആക്ററിലെ വ്യവസ്ഥകൾക്കു പ്രഭാവം നൽകുന്നതിലോ അല്ലെങ്കിൽ ആർജ്ജിത രാജ്യക്ഷേത്രങ്ങൾ ഉൾപ്പെടുന്ന സ്റ്റേറ്റിൻെറ ഒരു ഭാഗമെന്ന നിലയിലുള്ള അവയുടെ ഭരണം സംബന്ധിച്ചോ, ഏതെങ്കിലും വിഷമത ഉദ്ഭവിക്കുന്നുവെങ്കിൽ, ബന്ധപ്പെട്ട സ്റ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ ഉത്തരവ് വഴി, ഈ ആക്ററിൻെറ ആവശ്യങ്ങളോട് അസംഗതമല്ലാത്തതും, ആ വിഷമത തീർക്കുന്നതിന് ആവശ്യകമാണെന്നോ സമീചീനമാണെന്നോ തോന്നുന്നതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിനോ (2)-ാം ഉപ്പവകുപ്പിനോ കീഴിൽ ഉള്ള യാതൊരധികാരവും, അതതു സംഗതിപോലെ, കേന്ദ്രഗവൺമെൻേറാ സ്േററററ് ഗവൺമെൻേറാ നിശ്ചിത ദിവസം മുതൽ മൂന്നു വർഷം അവസാനിച്ചതിനുശേഷം, പ്രയോഗിക്കാൻ പാടുള്ളതല്ല.

(4) (1)-ാം ഉപവകുപ്പിനോ 2-ാം ഉപവകുപ്പിനോ കീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരുഉത്തരവും നിശ്ചിത ദിവസത്തിനു മുമ്പുള്ളതല്ലാത്ത ഏതെങ്കിലും തീയതി വരെയുള്ള മുൻകാല പ്രാബല്യത്തോടുകൂടി അപ്രകാരം പുറപ്പെടുവിക്കാവുന്നതാണ്.

ഒന്നാം പട്ടിക

[2 (ക), 2 (ഛ), 3, 4-എന്നീ വകുപ്പുകൾ നോക്കുക]

ഭാഗം I

1958 സെപ്ററംബർ, 10-ാം തീയതിയിലെ കരാറിൻെറ ഖണ്ഡിക (7)-ാം ഇനം സംബന്ധിച്ച ആർജ്ജിത രാജ്യക്ഷേത്രം.

ഭാഗം II

1960, ജനുവരി 11-ാം തീയതിയിലെ കരാറിൻെറ 1-ാം ഖണ്ഡിക (ii)-ാം ഇനവും (iii)-ാം ഇനവും സംബന്ധിച്ച ആർജ്ജിത രാജ്യക്ഷേത്രം.

ഭാഗം III

1958, സെപ്ററംബർ 10-ാം തീയതിയിലെ കരാറിൻെറ 2-ാം ഖണ്ഡിക, (5)-ാം ഇനവും (10)-ാം ഇനവും, 1959 ഒക്േറോബർ 23-ാം തീയതിയിലെ കരാറിൻെറ 4-ാം ഖണ്ഡികയും സംബന്ധിച്ച ആർജ്ജിത രാജ്യക്ഷേത്രം.

രണ്ടാം പട്ടിക

[2 (ഘ) വകുപ്പ് നോക്കുക]

1. 1958, സെപ്ററംബർ 10-ാം തീയതിയിലെ കരാർ അടങ്ങുന്ന കുറിപ്പിൽ നിന്നുള്ള എക്സ്ട്രാക്ററുകൾ.

. . . . . . . . . . . .

2. ചർച്ചകളുടെ ഫലമായി, താഴെ പറയുന്ന കരാറുകളിൽ എത്തിച്ചേർന്നു:—

. . . . . . . . . . . .

(5) 24 പർഗാനാകൾ— ഖുൽനാ } അതിർത്തി
24 പർഗാനാകൾ— ജെസ്സോർ } തർക്കങ്ങൾ.

രണ്ടാമത്തെ തർക്കത്തിൻെറ സംഗതിയിൽ, നദിയെ (ഇഛാമതി നദി) മാർഗ്ഗദർശകമായി എടുത്തുകൊണ്ട് ഇൻഡ്യയുടെയും പാകിസ്ഥാൻേറയും രണ്ട് യഥാക്രമമുള്ള അവകാശ വാദങ്ങളുടെയും മദ്ധ്യമാനം അംഗീകരിക്കേണ്ടതാണെന്ന് കരാർ ചെയ്യപ്പെട്ടിരിക്കുന്നു.

. . . . . . . . . . . . . .

(7) പിയായിൻ, സുർമാ എന്നീ നദീപ്രദേശങ്ങൾ പ്രസക്ത വിജ്ഞാപനങ്ങളും, കഡാസ്ട്രൽ സർവ്വേ മാപ്പുകളും, ആവശ്യമാണെങ്കിൽ, അവകാശ റിക്കാർഡ് അനുസരിച്ച് അതിരുതിരിക്കപ്പെടേണ്ടതാണ്. ഈ അതിരു തിരിക്കലിൻെറ ഫലം എന്തു തന്നെ ആയിരുന്നാലും, ഇരു ഗവൺമെൻറുകളുടെയും രാഷ്ട്രക്കാർക്ക് ഈ ഇരു നദികളിലും ജല ഗതാഗതത്തിനുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

. . . . . . . . . . . . . .

(10) പാകിസ്ഥാനിലെ പഴയ കൂച്ച്ബിഹാർ വലയിത പ്രദേശങ്ങളുടെയും, ഇൻഡ്യയിലെ പാകിസ്ഥാൻ വലയിത പ്രദേശങ്ങളുടെയും കൈമാററം, പാകിസ്ഥാനിലേയ്ക്ക് അധികമായി പോകുന്ന പ്രദേശത്തിന് നഷ്ടപരിഹാരത്തിനുള്ള അവകാശം കൂടാതെ, കരാർ ചെയ്യപ്പെട്ടിരിക്കുന്നു.

(ഒപ്പ്)
(എം. എസ്. എ. വെയ്ഗ്) വിദേശ സെക്രട്ടറി, പാകിസ്ഥാൻ —ഗവൺമെൻറിൻെറ വിദേശകാര്യ കോമൺവെൽത്ത് ബന്ധങ്ങൾ മന്ത്രി കാര്യാലയം.

(ഒപ്പ്)
(എം. ജെ. ദേശായ്) കോമൺവെൽത്ത് സെക്രട്ടറി, ഇൻഡ്യാ ഗവൺമെൻറിൻെറ വിദേശകാര്യ മന്ത്രി കാര്യാലയം.

ന്യൂ ഡൽഹി,
1958, സെപ്ററംബർ, 10.

2. "1959 അക്ടോബർ 23-ാം തീയതിയിലെ, ഇൻഡ്യാ പൂർവ്വ പാകിസ്ഥാൻ അതിർത്തി പ്രദേശങ്ങളിലെ തർക്കങ്ങളും സംഘട്ടനങ്ങളും അവസാനിപ്പിക്കുന്നതിനുള്ള കരാർ ചെയ്യപ്പെട്ട തീരുമാനങ്ങളും നടപടി ക്രമങ്ങളും" എന്ന ശീർഷകത്തോടുകൂടിയ കരാറിൽ നിന്നുള്ള എക്സ്ട്രാക്ററുകൾ.

4. പശ്ചിമ ബംഗാൾ-പൂർവ്വ പാകിസ്ഥാൻ അതിർത്തി.

ഈ അതിർത്തിയുടെ 1200 മൈലിലധികം അതിരു തിരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. മഹാനന്ദ, ബൂറുംങ്ങ്, ◌രാതോവാ എന്നീ നദി പ്രദേശങ്ങളിലെ പശ്ചിമ ബംഗാളും പൂരവ്വ പാകിസ്ഥാനും തമ്മിലുള്ള അതിർത്തി സംബന്ധിച്ച്, അതിരു തിരിക്കൽ വിജ്ഞാപനങ്ങളുടേയും അവകാശ റിക്കാർഡിൻെറയും പിൻബലത്തോടെ ഏററവും ഒടുവിലത്തെ കഡാസ്ട്രൽ സർവ്വേ മാപ്പുകൾ അനുസരിച്ച് ചെയ്യപ്പെടണമെന്ന് കരാർ ചെയ്യപ്പെട്ടു.

(ഒപ്പ്)
(ജെ. ജി. ഖരാസ്) ആക്ററിങ്ങ് വിദേശകാര്യ സെക്രട്ടറി, വിദേശകാര്യ കോമൺവെൽത്ത് ബന്ധങ്ങൾ മന്ത്രി കാര്യാലയം, കറാച്ചി.

(ഒപ്പ്)
(എം. ജെ. ദേശായ്) കോമൺവെൽത്ത് സെക്രട്ടറി, വിദേശകാര്യ മന്ത്രി കാര്യാലയം, ന്യൂ ഡൽഹി.

ന്യൂ ഡൽഹി,
1959, അക്ടോബർ, 23.

3. "1960 ജനുവരി, 11-ാം തീയതിയിലെ, ഇൻഡ്യാ-പശ്ചിമ പാകിസ്ഥാൻ അതിർത്തി പ്രദേശങ്ങളിലെ തർക്കങ്ങളും സംഘട്ടനങ്ങളും അവസാനിപ്പിക്കുന്നതിനുള്ള കരാർ ചെയ്യപ്പെട്ട തീരുമാനങ്ങളും നടപടി ക്രമങ്ങളും," എന്ന ശീർഷകത്തോടുകൂടിയ കരാറിൽ നിന്നുള്ള എക്സ്ട്രാക്ററുകൾ.

. . . . . . . . . . . .

1 പശ്ചിമ പാകിസ്ഥാൻ-പഞ്ചാബ് അതിർത്തി—ഈ വിഭാഗത്തിലെ അതിർത്തിയുടെ ആകെയുള്ള 325 മൈലിൽ ഏകദേശം 252 മൈൽ നീളം അതിരു തിരിക്കൽ പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്. സർ സിറിൽ റാഡ്ക്ളിഫ്, പഞ്ചാബ് അതിർത്തി കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ സമർപ്പിച്ചിട്ടുള്ള കമ്മിഷൻെറ തീരുമാനത്തിൻെറയും അവാർഡിൻെറയും വ്യാഖ്യാനം സംബന്ധിച്ചുള്ള ഇൻഡ്യാ ഗവൺമെൻറും പാകിസ്ഥാൻ ഗവൺമെൻറും തമ്മിലുള്ള അഭിപ്രായ വ്യത്യാസം കാരണമായി അതിർത്തിയുടെ ഏകദേശം 73 മൈൽ ഇനിയും അതിരു തിരിക്കപ്പെട്ടിട്ടില്ല. ഈ അഭിപ്രായ വ്യത്യാസങ്ങൾ വിട്ടുവീഴ്ച മനോഭാവത്തോടെ താഴെ പറയുന്ന രീതിയിൽ ഒത്തുതീർന്നിരിക്കുന്നു.

. . . . . . . . . .

(ii) ചാക്ലധേക് (അമൃതസർ-ലാഹോർ അതിർത്തി) അതിർത്തിയുടെ ആലേഖനം കുസുർ തെഹ്സിലിന്റെ മാപ്പിൽ സർ. സിറിൽ റാഡ്ക്ളിഫ് കാണിച്ചതുപോലെ ആയിരിക്കുമെന്നും, തൽഫലമായി ചാക്ലധേക് ഇൻഡ്യാ ഗവൺമെന്റിന്റെ രാജ്യക്ഷേത്രീയ ആധികാരിതയ്ക്കുള്ളിൽപ്പെടുമെന്നും ഇൻഡ്യാ ഗവൺമെന്റും പാകിസ്ഥാൻ ഗവൺമെന്റും കരാർ ചെയ്യുന്നു.

(iii) ഫൊറോസ്പൂർ (ലാഹോർ ഫെറോസ്പൂർ അതിർത്തി) ഈ പ്രദേശത്തിലെ പശ്ചിമ പാകിസ്ഥാൻ-പഞ്ചാബ് (ഇൻഡ്യാ അതിർത്തി, ഈ ജില്ലകളിലെ ജില്ലാ അതിർത്തികളിൽ കൂടയാണെന്നും, സററ്ലജ് നദിയുടെ യഥാർത്ഥ ഗതിയനുസരിച്ചല്ലെന്നും ഇൻഡ്യാ ഗവൺമെന്റും പാകിസ്ഥാൻ ഗവൺമെന്റും കരാർ ചെയ്യുന്നു.

(ഒപ്പ്)

(എം. ജെ. ദേശായ്)
കോമൺവെൽത്ത് സെക്രട്ടറി,
ഇൻഡ്യാ ഗവൺമെന്റിന്റെ
വിദേശകാര്യ മന്ത്രി കാര്യാലയം.

(ഒപ്പ്)

(ജെ. ജി. ഖരാസ്). ജോയിന്റ് സെക്രട്ടറി, പാകിസ്ഥാൻ ഗവൺമെന്റിന്റെ വിദേശകാര്യ കോമൺവെൽത്ത് ബന്ധങ്ങൾ മന്ത്രി കാര്യാലയം

ന്യൂ ഡൽഹി,
1960 ജനുവരി, 11.